Mr. K. Achyuta Menon *(Diwan Peishkar):* I cannot give you the answer off hand.

P. RAVUNNI OF NAYARAMBALAM—GRANT OF TEACHER'S LICENSE TO

318. മിസ്റ്റർ കെ. പി. വള്ളോൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും ദയയായി മറുപടി തരാമോ.—

(എ) നായരമ്പലത്തുകാരൻ പി. രാവുണ്ണി എന്നൊരീഴവനു സ്കൂൾമാസ്റ്റർ ജോലി നോക്കുന്നതിനു ലൈസൻസ് നൽകിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നൈറ്റ് സ്കൂളിനൊ ഡേ സ്കൂളിനൊ നൽകീട്ടുള്ളതു;

(സി) ടിയാന്റെ പരീക്ഷായോഗ്യത എന്തു;

(ഡി) ടെയിനിംഗ് കഴിഞ്ഞിട്ടുണ്ടോ;

(ഇ) ലൈസൻസു കൊടുത്തിട്ടുള്ളതു് ഏതു വർഷത്തിലാണ്?

മിസ്റ്റർ പി. ജെ. ജോജ്ജ്: (എ) ഉവ്വ്

(ബി) നൈറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കും ഡേ സ്കൂൾ അദ്ധ്യാപകന്മാർക്കും കൊടുത്തുവരുന്ന ലൈസൻസുകൾക്കു വ്യത്യാസമില്ല.

(സി) നാലാം ഫാറം.

(ഡി) ഇല്ല.

(ഇ) ഫ ഫ ാ ഒ.

മിസ്റ്റർ കെ. പി. വള്ളോൻ: ഫ ഫ ാ ഒ-ൽ സ്കൂൾഫൈനൽ പാസ്സായവർക്കു മാത്രമെ അദ്ധ്യാപകന്മാരുടെ ലൈസൻസ് കൊടുക്കുവാൻ പാടുള്ളുവെന്ന നിയമമുണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: അങ്ങനെയൊന്നുമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: ഫ ഫ ാ ഘ-ൽ അങ്ങനെയുള്ള നിയമമില്ലേ?

മിസ്റ്റർ പി. ജെ. ജോജ്ജ്: ഇല്ല.

മിസ്റ്റർ കെ. പി. വള്ളോൻ: ഇല്ലെന്നു ഗവൺമെണ്ടു തിട്ടപ്പെടുത്തിപറയാമോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: ഇല്ല.

HINDI IN SCHOOLS—AID FOR TEACHING

319. മിസ്റ്റർ ബി. എം. പിറ്റർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടിൽനിന്നും ദയവായി മറുപടി പറയുമോ.—

(എ) കൊച്ചി സംസ്ഥാനത്തു് ഏതു സ്കൂളുകളിൽ ഹിന്ദി പഠിപ്പിക്കുന്നതിനു സ്പെഷ്യൽ ക്ലാസുകൾ ഏർപ്പെടുത്തിട്ടുണ്ടു";

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനു വല്ല എയിഡും ഗവണ്മെണ്ടിൽനിന്നു കൊടുക്കാറുണ്ടോ;

(സി) എയിഡ് അപേക്ഷിച്ചിട്ടുള്ളതിൽ എത്ര അപേക്ഷകൾ കൊടുക്കാതെ നിലവിലുണ്ട്?

മിസ്റ്റർ പി. ജെ. ജോജ്ജ്: (എ) ഹിന്ദി ഒരു ഐച്ഛിക വിഷയമായി പഠിപ്പിക്കുന്നതിനു് ഏതു സക്കാർ ഹൈസ്കൂളുകളിലും ഒ ഗ്രാൻറ് സ്കൂളുകളിലുംകൂടി ഫ സ്കൂളുകളിൽ സൌകര്യമുണ്ടു്. അല്ലാതെ ഗവണ്മെണ്ടു വകയായൊ ഗവണ്മെണ്ടു് അംഗീകരിച്ചതൊ ആയ "സ്പെഷ്യൽ" ക്ലാസുകൾ എവിടേയും ഏർപ്പെടുത്തീട്ടില്ല.

(ബി) സക്കാർ സ്കൂളുകളിലെ ഹിന്ദി പണ്ഡിതന്മാക്കു് അലവൻസും ഗ്രാൻറു് സ്കൂളുകളിലെ പണ്ഡിതന്മാരുടെ അലവൻസിന്മേലുള്ള ഗ്രാൻറും കൊടുത്തുവരുന്നുണ്ടു്.

(സി) ഉണ്ടു് ഇല്ല.

മിസ്റ്റർ ബി. എം. പീറർ: സക്കാർ സ്കൂളിലെ അദ്ധ്യാപകന്മാക്കു കൊടുത്തുവരുന്ന അലവൻസ് എത്രയാണെന്നു പറയാമോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: ഹൈസ്കൂളുകളിൽ ഫ ഒ ഉറപ്പികയും ഗവർൺസ് സ്കൂളുകളിൽ ഫ ഠ ഉറപ്പികയും വീതം കൊടുത്തുവരുന്നുണ്ടു്.

മിസ്റ്റർ ബി. എം. പീറർ: കുമ്പളങ്ങി സെൻറ് പീറേഴ്സ് സ്കൂളിൽ ഒരു അദ്ധ്യാപകനെ വെച്ചു കിട്ടുവാനായിട്ടു വല്ല അപേക്ഷയും കിട്ടീട്ടുണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: നോട്ടീസ് വേണം.

മിസസ്സ് തങ്കമ്മ എൻ. മേനോൻ: ഗേൾസ് ഹൈസ്കൂളിൽ പഠിപ്പിക്കുന്നവക്കു ഫ ഒ ഉറപ്പികയാക്കുവാൻ വിരോധമുണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: കോശസ്ഥിതിയനുസരിച്ചിരിക്കും.

മിസ്റ്റർ സി. വി. ഐയ്യു: ഗേൾസ് സ്കൂളുകളിൽ ഹിന്ദി പണ്ഡിതന്മാരെ നിയമിക്കുവാൻ പ്രത്യേകം ഒരു കല്പനയയക്കുമോ?

MALAYALAM IMPROVEMENT COMMITTEE

320. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു ദയവായി മറുപടി പറയുമൊ.—

(എ) മലയാളഭാഷാപരിഷ്കരണക്കമ്മിറ്റിയിലെ ഇപ്പോഴത്തെ മെമ്പർമാർ ആരെല്ലാം;

(ബി) കമ്മിറ്റി ക്ലാർക്കു് ആരാണു്;

(സി) കമ്മിറ്റി തൃശ്ശിവപേരൂരിൽനിന്നു് എറണാകുളത്തേക്കു കൊണ്ടുവന്നതിനുശേഷം പുസ്തകങ്ങൾ വല്ലതും കാണാതെ പോയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഏതൊക്കെ;

(ഡി) അതിന്മേൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly